# അല്ലാഹുവിനെ അറിയുക

عَنِ ابْنِ عَبَّاسٍ قَالَ كُنْتُ خَلْفَ رَسُولِ اللَّهِ ﷺ يَوْمًا فَقَالَ يَا غُلَامُ إِنِّي أُعَلِّمُكَ كَلِمَاتٍ احْفَظِ اللَّهَ يَحْفَظْكَ احْفَظِ اللَّهَ تَجِدْهُ تُجَاهَكَ إِذَا سَأَلْتَ فَاسْأَلِ اللَّهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللَّهِ. تَعَرَّفْ إِلَى اللهِ فِي الرَّخَاءِ يَعْرِفْكَ فِي الشِّدَّةِ. وَاعْلَمْ أَنَّ النَّصْرَ مَعَ الصَّبْرِ وَأَنَّ الْفَرَجَ مَعَ الْكَرْبِ وَأَنَّ مَعَ الْعُسْرِ يُسْرًا (ترمذي)

**അബ്ദുല്ലാഹിബ്നു അബ്ബാസി(റ)ൽനിന്നു നിവേദനം: അദ്ദേഹം പറഞ്ഞു: ഞാൻ ഒരു ദിവസം വാഹനപ്പുറത്ത് നബി(സ)യുടെ പിന്നിൽ യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ തിരുമേനി എന്നോടു പറഞ്ഞു: "കുട്ടീ, ഞാൻ നിനക്ക് ഏതാനും വചനങ്ങൾ പഠിപ്പിച്ചുതരാം: നീ അല്ലാഹുവിനെ സൂക്ഷിക്കുക; അല്ലാഹു നിന്നെ സൂക്ഷിക്കും. അല്ലാഹുവിനെ സൂക്ഷിക്കുക; എങ്കിൽ അവനെ നിന്റെ മുമ്പിൽ തന്നെ കണ്ടെത്താം. ചോദിക്കുമ്പോൾ അവനോട് ചോദിക്കുക; സഹായമർഥിക്കുമ്പോൾ അവനോടർഥിക്കുക. ക്ഷേമകാലത്ത് നീ അല്ലാഹുവിനെ അറിയുക; അവൻ നിന്റെ വിഷമകാലത്ത് നിന്നെ അറിയുന്നതാണ്. അറിഞ്ഞിരിക്കുക: വിജയം ക്ഷമയോടൊപ്പമാകുന്നു; സുഖം ദുഃഖത്തോടൊപ്പവും. ക്ഷാമത്തോടൊപ്പം ക്ഷേമമുണ്ട്."**

പ്രവാചകന്റെ കൂടെ സഞ്ചരിക്കുകയായിരുന്ന, ബാലനായ ഇബ്നു അബ്ബാസി(റ)നെ അല്ലാഹുവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെയും മനുഷ്യന് അല്ലാഹുവോടുണ്ടായിരിക്കേണ്ട സമീപനത്തിന്റെയും മൗലികപാഠങ്ങൾ പഠിപ്പിക്കുകയാണ് തിരുമേനി ഈ വചനങ്ങളിലൂടെ.

'നീ അല്ലാഹുവിനെ സൂക്ഷിക്കുക; അല്ലാഹു നിന്നെ സൂക്ഷിക്കും.' ഇതാണ് പ്രഥമപാഠം. സൂക്ഷിക്കുക എന്ന് തർജമ ചെയ്തിട്ടുള്ളത് 'ഇഹ്ഫള്' എന്ന അറബിപദത്തെയാണ്. ഹൃദിസ്ഥമാക്കുക, മേൽനോട്ടം വഹിക്കുക, കാത്തുരക്ഷിക്കുക എന്നീ അർഥങ്ങളെല്ലാം വഹിക്കുന്ന പദമാണിത്. മലയാളത്തിലെ 'സൂക്ഷിക്കുക' എന്ന പദത്തിനും ഈ അർഥങ്ങളൊക്കെയുണ്ടല്ലോ. പണം സൂക്ഷിക്കുക എന്നു പറയുമ്പോഴും പാമ്പിനെ സൂക്ഷിക്കുക എന്നു പറയുമ്പോഴും നേതാവിനെ സൂക്ഷിക്കുക എന്നു പറയുമ്പോഴും നാം ഉദ്ദേശിക്കുന്നത് ഒരേ അർഥമല്ല. എങ്കിലും എല്ലാ അർഥങ്ങളിലും പൊതുവായൊരാശയമുണ്ട്. ബന്ധപ്പെട്ട കാര്യത്തിൽ നിതാന്ത ജാഗ്രതയുണ്ടായിരിക്കുക എന്നതാണത്. 'ഹിഫ്ളി'ന്റെ ഹൃദിസ്ഥം എന്ന അർഥം ഈ ആശയത്തെ കൂടുതൽ പ്രകാശിപ്പിക്കുന്നതാണ്. 'സൂക്ഷിക്കുക' എന്ന പദത്തിന്റെ ഈ നാനാർഥം 'നീ അല്ലാഹുവിനെ സൂക്ഷിക്കുക; അല്ലാഹു നിന്നെ സൂക്ഷിക്കും' എന്ന വാക്യത്തിലും ദീക്ഷിക്കപ്പെട്ടിട്ടുണ്ട്.

'അല്ലാഹുവിനെ സൂക്ഷിക്കുക' എന്നതിനർഥം അല്ലാഹുവിനെക്കുറിച്ച് സദാ ജാഗ്രതയുള്ളവനായിരിക്കുക എന്നാണ്. അല്ലാഹുവിനെ ഒരിക്കലും വിസ്മരിക്കരുത്. അവൻ എപ്പോഴും നമ്മുടെ മനസ്സിലുണ്ടായിരിക്കണം. വെറും ഒരവ്യക്ത സങ്കൽപമായിട്ടല്ല; നമ്മുടെ കർമജീവിതത്തെ നിയന്ത്രിക്കുന്ന സജീവശക്തിയായിട്ട്. വേറൊരുവിധത്തിൽ പറഞ്ഞാൽ, ജീവിതത്തിന്റെ എല്ലാ ചലനങ്ങളിലും അല്ലാഹുവിന്റെ വിധിവിലക്കുകളെ അനുസരിച്ചുകൊണ്ടിരിക്കുകയാണ് മനുഷ്യന്റെ 'അല്ലാഹുവിനെ സൂക്ഷിക്കൽ.' അല്ലാഹുവിന്റെ 'മനുഷ്യനെ സൂക്ഷിക്കലോ', മനുഷ്യനെ മേൽനോട്ടം ചെയ്യലും അവന് ആവശ്യമായ വിഭവങ്ങളും യോഗ്യതകളുമരുളി കാത്തുരക്ഷിക്കലും. ആദ്യംപറഞ്ഞ സൂക്ഷ്മത മനുഷ്യനിൽനിന്നുണ്ടായാൽ രണ്ടാമതു പറഞ്ഞ സൂക്ഷിക്കൽ അല്ലാഹുവിൽനിന്നുമുണ്ടാകുമെന്നത് നിസ്സംശയമാകുന്നു.

പക്ഷേ, അല്ലാഹുവിന്റെ സൂക്ഷിക്കൽ നമുക്ക് ശരിക്കും ഗോചരമാവുക പരലോകത്തുവെച്ചാണ്. ഈ ലോകത്ത് അവൻ തന്റെ ദാസന്മാരെ രക്ഷിക്കുന്നില്ല എന്നല്ല. അവന്റെ സംരക്ഷണമില്ലാതെ മനുഷ്യന് എന്നല്ല ഒരു സൃഷ്ടിക്കും നിമിഷാർധം പോലും നിലനിൽക്കാനാവില്ല. എങ്കിലും ഇവിടത്തെ രക്ഷകളെയും ശിക്ഷകളെയുമെല്ലാം കാര്യകാരണബന്ധത്തിലൂടെ മാത്രമേ നമുക്ക് കാണാനൊക്കൂ. അതുകൊണ്ട് ചില രക്ഷകൾ പ്രത്യക്ഷത്തിൽ ശിക്ഷകളായും നേരെമറിച്ചും അനുഭവപ്പെടാം. അല്ലാഹുവിന്റെ ചില രക്ഷാനടപടികൾ യഥാർഥത്തിൽ തനിക്ക് രക്ഷയായിരുന്നുവെന്ന് ഈ ലോകത്തുവെച്ച് ഒരിക്കലും അയാൾ അറിഞ്ഞില്ലെന്നു വരാം. ഇതിനൊരു ദാഹരണം വിശുദ്ധഖുർആൻ സൂറത്തുൽ കഹ്ഫിൽ കാണാം: മൂസാനബി(അ)യും അദ്ദേഹത്തിന്റെ ഗുരുവും ഒരു നാട്ടിലൂടെ കടന്നുപോവുകയായിരുന്നു. അവിടെ അവർ കണ്ടുമുട്ടിയ ഒരു ബാലനെ ഗുരു നിഷ്കരുണം കൊന്നുകളഞ്ഞു. ആ കുഞ്ഞിന്റെ മാതാപിതാക്കളെ സംബന്ധിച്ചേടത്തോളം എത്ര ദുഃഖകരമായിരിക്കും അതെന്ന് ഊഹിച്ചാൽ മതിയല്ലോ. സ്വാഭാവികമായും മൂസാ (അ) ഗുരുവിന്റെ നടപടിയെ അപലപിച്ചു. ഇതുപോ

ലുള്ള വെറെയും ചില 'അക്രമങ്ങൾ' ഗുരുവിൽനിന്നും സംഭവിക്കുകയുണ്ടായി. എന്നാൽ ആ ഗുരു അല്ലാഹുവിന്റെ സവിശേഷമായ ജ്ഞാനങ്ങളും ശാസനകളും ലഭിച്ച മഹാനായിരുന്നു. അദ്ദേഹം ഒടുവിൽ തന്റെ 'അക്രമങ്ങളു'ടെ രഹസ്യം ശിഷ്യന്ന് വെളിപ്പെടുത്തിക്കൊടുക്കുകയുണ്ടായി. ബാലനെ കൊന്നതിന് അദ്ദേഹം പറഞ്ഞ കാരണം ഇതായിരുന്നു: അവന്റെ മാതാപിതാക്കൾ വളരെ നല്ലവരാണ്. പക്ഷേ, അവൻ നല്ലവനല്ല. ജീവിച്ചിരുന്നാൽ അവൻ തന്റെ മാതാപിതാക്കളെ കഠിനമായി ദ്രോഹിക്കും. അതുകൊണ്ട് കരുണാമയനായ അല്ലാഹു അവനെ നീക്കി പകരം അവർക്ക് സ്നേഹവും സേവനവും നൽകുന്ന സൽസന്തതിയെ പ്രദാനം ചെയ്യാൻ ഉദ്ദേശിച്ചതായിരുന്നു. അല്ലാഹുവിനെ സൂക്ഷിച്ചു ജീവിക്കുന്ന സജ്ജനം, അവരുടെ തെറ്റുകുറ്റങ്ങളോ അശ്രദ്ധയോ കാരണമായിട്ടല്ലാതെ നേരിടേണ്ടിവരുന്ന കഷ്ടനഷ്ടങ്ങളെ അല്ലാഹുവിന്റെ സംരക്ഷണമില്ലായ്മയോ അവഗണനയോ ആയി കരുതേണ്ടതില്ല. അവയും അല്ലാഹുവിന്റെ സംരക്ഷണത്തിന്റെ ഒരു രൂപമായിട്ടാണ് കാണേണ്ടത്. ജീവിതത്തിലും മരണാനന്തരവും പരലോകത്തുമെല്ലാം അല്ലാഹു അവന്റെ ദാസന്മാരെ കാത്തുരക്ഷിക്കും.

മരണാനന്തരം പരേതന്റെ താൽപര്യം കാത്തുരക്ഷിക്കുന്നതിന്റെ ഒരു ഉദാഹരണവും നേരത്തേ സൂചിപ്പിച്ച മൂസാ(അ)യുടെയും ഗുരുവിന്റെയും കഥയിൽ കാണാം: ഗുരുവും ശിഷ്യനും മനുഷ്യപ്പറ്റില്ലാത്ത ആളുകളുള്ള ഒരു ഗ്രാമത്തിലൂടെ കടന്നുപോവുകയായിരുന്നു. ഹോട്ടലുകളും സത്രങ്ങളുമൊന്നുമില്ലാത്ത നാട്. ഗ്രാമവാസികൾ അവർക്ക് പശിയടക്കാൻ ആഹാരമോ അന്തിയുറങ്ങാൻ ഇടമോ കൊടുത്തില്ല. അവരങ്ങനെ നിസ്സഹായരായി നടക്കുമ്പോൾ ഒരു പൊളിഞ്ഞുകിടക്കുന്ന മതിൽ കണ്ടു. ഗുരു വളരെ പണിപ്പെട്ട് അത് പുനരുദ്ധരിച്ച് പൂർവസ്ഥിതിയിലാക്കി. ആരോടും ഒരു പ്രതിഫലവും ചോദിച്ചില്ല. ഇതുകണ്ട് മൂസാ (അ) പറഞ്ഞു: 'അങ്ങ് ഈ ജോലിക്ക് കൂലിവാങ്ങിയിരുന്നുവെങ്കിൽ നമുക്ക് ആഹാരത്തിനുള്ള വകയാകുമായിരുന്നുവല്ലോ.' അദ്ദേഹം സമ്മതിച്ചില്ല. പിന്നീട് തന്റെ ചെയ്തികൾക്ക് വിശദീകരണം നൽകിയപ്പോൾ ഗുരു ഈ നടപടിയെ വിശദീകരിച്ചതിങ്ങനെയാണ്: 'ആ മതിലിനടിയിൽ ഒരു നിധി ഇരിപ്പുണ്ട്. രണ്ട് അനാഥർക്ക് അവകാശപ്പെട്ടതാണാ നിധി. അവരുടെ പിതാവ് വളരെ നല്ലവനായിരുന്നു. ഇപ്പോൾ ആ നിധി പുറത്തായാൽ അത് വല്ല ദുഷ്ടന്മാരും കൈക്കലാക്കും. അതുകൊണ്ട് ആ നിധി ഇപ്പോൾ ഒളിഞ്ഞുതന്നെ കിടക്കണമെന്നും ആ നല്ല മനുഷ്യന്റെ മക്കൾ പ്രായം തികഞ്ഞശേഷം അത് കണ്ടെത്തണമെന്നും അല്ലാഹു ഇച്ഛിച്ചു.' അല്ലാഹുവിനെ സൂക്ഷിച്ചവരുടെ താൽപര്യങ്ങൾ അവരുടെ മരണാനന്തരവും അല്ലാഹു കാത്തുസൂക്ഷിക്കുമെന്നാണ് ഈ സംഭവം ചൂണ്ടിക്കാണിക്കുന്നത്. പരലോകത്തുള്ള അല്ലാഹുവിന്റെ രക്ഷിക്കൽ വിശ്വാസികളെ സംബന്ധിച്ചേടത്തോളം തർക്കമില്ലാത്തതാണ്.

അല്ലാഹുവിനെ സൂക്ഷിച്ചാൽ അവൻ സദാ നമ്മുടെ കൂടത്തന്നെയുണ്ടാകും. ഒരിക്കലും അവൻ നമ്മെ വിട്ടുപോകില്ല. നാം അവനെ മറക്കുമ്പോഴാണ് അല്ലാഹു നമ്മെ വിട്ടുപോകുന്നത്. 'നിങ്ങൾ എന്നെ സ്മരിച്ചുകൊണ്ടിരിക്കുക. ഞാൻ നിങ്ങളെയും സ്മരിച്ചുകൊണ്ടിരിക്കും' എന്ന് വിശുദ്ധഖുർആനിൽ നമ്മെ ഉണർത്തിയിട്ടുണ്ട്. അല്ലാഹുവിനെ സംബന്ധിച്ച ജാഗ്രത നമ്മുടെ മനസ്സിലുണ്ടെങ്കിൽ അവനെ നമുക്ക് നമ്മുടെ മുന്നിൽ തന്നെ കാണാമെന്നാണ് നബി (സ) പറയുന്നത്. അല്ലാഹു ഭൗതികശരീരം പൂണ്ട് നമ്മുടെ മുമ്പിൽ വന്നുനിൽക്കുമെന്നല്ല ഇതിനർഥം; എല്ലായ്പ്പോഴും അവൻ നമ്മെ നേർവഴിയിലൂടെ നടത്തിക്കൊണ്ടിരിക്കും എന്നാണ്. പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ടാകുമ്പോൾ നാം ഭയാക്രാന്തരാവുകയില്ല. അല്ലാഹു കൂടെയുണ്ട് എന്ന വിശ്വാസം ധൈര്യവും സമാധാനവും പകർന്നുകൊണ്ടിരിക്കും. ശരിയും തെറ്റും സത്യവും മിഥ്യയും ഗുണവും ദോഷവും തിരിച്ചറിയാതെ സ്തബ്ധരാവേണ്ടിവരില്ല. ശരിയേത്, സത്യമേത്, ഗുണമേത് എന്നൊക്കെ അപ്പപ്പോൾ അവൻ തോന്നിച്ചുകൊണ്ടിരിക്കും. അക്കാര്യത്തിൽ നമ്മെ സഹായിക്കാനായി അവൻ നൽകിയ വേദത്തെ വേണ്ടവിധം അവലംബിച്ചാൽ മതി.

അതാണ് തുടർന്നു പറയുന്നത്. സംശയനിവാരണത്തിന് ചോദ്യങ്ങളുന്നയിക്കേണ്ടിവരുമ്പോൾ ആദ്യം അല്ലാഹുവിനോട് ചോദിക്കുക. അവൻ അയച്ചുതന്ന ഖുർആനും അവൻ നിയോഗിച്ച പ്രവാചകനും എന്തു പറഞ്ഞു എന്ന് നോക്കുകയാണ് അല്ലാഹുവിനോട് ചോദിക്കൽ. കൂടാതെ, ആഗ്രഹങ്ങൾ ചോദിക്കേണ്ടതും ആദ്യം അല്ലാഹുവിനോടാണ്. അനന്തരം വേണം, അവൻതന്നെ അതിനുവേണ്ടി നിശ്ചയിച്ച സ്വാഭാവികമാർഗങ്ങൾ സ്വീകരിക്കാൻ. ആവശ്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ സഹായം തേടേണ്ടതും ആദ്യം അല്ലാഹുവിനോടാണ്. അല്ലാഹുവിന്റെ വേണ്ടുകയും ഉതവിയും ഉണ്ടെങ്കിലേ ഏതു ഭൗതികോപാധികൾക്കും നമ്മെ സഹായിക്കാൻ കഴിയൂ. അഭൗതികരീതിയിലുള്ള സഹായങ്ങളാകട്ടെ അല്ലാഹുവിനോടു മാത്രമേ തേടാവൂ. അഭൗതിക ജ്ഞാനങ്ങളും കഴിവുകളും സമ്പൂർണമായും അല്ലാഹുവിന്റെ ഹസ്തത്തിലാണ്. അത് മറ്റാർക്കെങ്കിലും ഉണ്ടെന്നു സങ്കൽപിച്ച് അവരോട് അത്തരം സഹായാഭ്യർഥന നടത്തുന്നത് അല്ലാഹുവിന്റേതുമാത്രമായ അവകാശങ്ങളിൽ മറ്റുള്ളവരെ പങ്കാളികളാക്കലാണ്.

ക്ഷേമകാലത്ത് അല്ലാഹുവിനെ അറിഞ്ഞിരുന്നാൽ വിഷമവേളയിൽ അവൻ നിന്നെ അറിയും എന്നാണ് തുടർന്ന് പറയുന്നത്. ഇവിടെ അറിയുക എന്ന് തർജമ ചെയ്തിട്ടുള്ള 'തഅർറഫ്', 'യഅ്രിഫു' എന്നീ പദങ്ങളുടെ ആശയം കേവലമായ അറിവല്ല. തിരിച്ചറിയുക, അംഗീകരിക്കുക, പരിചയിക്കുക എന്നീ ആശയങ്ങളെല്ലാം ഉൾക്കൊള്ളുന്ന പദമാണത്. അവയെല്ലാം പരിഗണിക്കുമ്പോൾ പ്രകൃതവചനത്തിൽ ഈ പദത്തിന്റെ അർഥം സ്ഥിരമായ സമ്പർക്കം പുലർത്തുക എന്നാണെന്നു കാണാം. تعرف إلى الله എന്നതിനെ ഭക്തിയിലൂടെയും വിധേയത്വത്തിലൂടെയും വർധിച്ച പ്രാർഥനയിലൂടെയും ദിക്റുകളിലൂടെയും അവനോട് സമ്പർക്കം പുലർത്തുക എന്നാണ് പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുള്ളത്. ക്ഷേമം എന്ന് തർജമ ചെയ്തിട്ടുള്ളത് الرخاء എന്ന പദത്തെയാണ്. ആരോഗ്യം, സമ്പത്ത്, കുടുംബം, ചുറ്റുപാടുകൾ, മാനസികാവസ്ഥ തുടങ്ങിയ എല്ലാ കാര്യങ്ങളിലുമുള്ള സൗഖ്യമാണ് ഇതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ആവശ്യമുള്ളപ്പോൾ ചോദിക്കാനും അവശതകളനുഭവപ്പെടുമ്പോൾ സഹായമർഥിക്കാനുമായി മാത്രം അറിഞ്ഞാൽ പോരാ അല്ലാഹുവിനെ എന്നാണ് ഈ നബിവചനം നമ്മെ ഉണർത്തുന്നത്. ഗതി മുട്ടുമ്പോൾ ഏവരും അല്ലാഹുവിന്റെ നേരെ തിരിയും. അതുവരെ അല്ലാഹുവിനെക്കുറിച്ച് ഒരു ചിന്തയും ധാരണയും ഇല്ലാത്തവരും അപ്പോൾ മേലോട്ട് കൈ ഉയർത്തിക്കൊണ്ട് 'എന്റെ നാഥാ, എന്റെ നാഥാ' എന്നു കേണുകൊണ്ടിരിക്കും. ആ ഘട്ടത്തിൽ മാത്രം അല്ലാഹുവിനെ തിരിച്ചറിഞ്ഞവരെ അല്ലാഹു തിരിച്ചറിഞ്ഞുകൊള്ളണമെന്നില്ല; അഥവാ തിരിഞ്ഞു നോക്കണമെന്നില്ല. അങ്ങേയറ്റത്തെ വ്യഥയോടെ ആവർത്തിച്ചു വിളിച്ചിട്ടും സഹായം ലഭിക്കാത്തത് കാണുമ്പോൾ ചിലർ അല്ലാഹുവിൽ ക്രൗര്യവും നിർദയത്വവും ആരോപിക്കും. ചിലർ അങ്ങനെയൊരു ശക്തി തന്നെയില്ല എന്നുവരെ പറഞ്ഞുകളയും. എന്നാൽ ഈ വിഷമം നേരിടുന്നതുവരെ തങ്ങൾ അല്ലാഹുവിനെ തിരിച്ചറിഞ്ഞിരുന്നില്ലെന്നോ തിരിഞ്ഞുനോക്കിയിട്ടില്ലെന്നോ അവർ ഓർക്കുകയില്ല.

അല്ലാഹുവിന്റെ ദാസൻ തന്റെ നല്ലകാലത്തും ചീത്തകാലത്തും ഒരുപോലെ അല്ലാഹുവിനെ തിരിച്ചറിഞ്ഞിരിക്കണം. താൻ അല്ലാഹുവിന്റെ അടിമയാണെന്നും തനിക്കുള്ള എല്ലാ സൗഭാഗ്യങ്ങളും അവനൊരുവൻ നൽകിയതാണെന്നും അവനെ അനുസരിക്കുകയും ആരാധിക്കുകയുമാണ് തന്റെ ധർമമെന്നുമുള്ള ദൃഢബോധ്യമാണ് അല്ലാഹുവിനെ തിരിച്ചറിയുന്നതിന്റെ കാതലായ വശം. ഈ ബോധമില്ലാത്തവൻ അല്ലാഹുവിനെ അറിയാത്തവനാകുന്നു. ഭക്തിപൂർവം അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുക, തന്റെ സൗഭാഗ്യങ്ങളുടെ പേരിൽ അവനോട് അദമ്യമായ നന്ദിയുള്ളവനായിരിക്കുക, തന്റെ സൗഭാഗ്യങ്ങൾ തന്നെ ദൈവധിക്കാരത്തിലേക്കും നന്ദികേടിലേക്കും നയിക്കാതിരിക്കാൻ പ്രാർഥിച്ചുകൊണ്ടിരിക്കുക-ഇതൊക്കെയാണ് അല്ലാഹുവിനെ അറിയുന്നതിന്റെ പ്രായോഗികഫലം. ഇങ്ങനെ തത്ത്വത്തിലും പ്രയോഗത്തിലും അല്ലാഹുവിനെ അറിയുകയും സൂക്ഷിക്കുകയും ചെയ്യുന്നവരെ അവൻ ഒരിക്കലും കൈവെടിയുകയില്ല. ക്ലേശങ്ങൾ നേരിടുമ്പോൾ അവർ അവനെ വിളിച്ചാൽ വിളിപ്പുറത്തുതന്നെ ഉണ്ടായിരിക്കും അവൻ.

ഏതു കാര്യവും വിജയിക്കാൻ സ്വാഭാവികമായ ചില ഉപാധികളുണ്ട്. കച്ചവടത്തിന് മൂലധനം, വ്യവസായത്തിന് യന്ത്രങ്ങൾ, ധാർമികജീവിതത്തിന് ഈമാനും ധാർമികബോധവും. പക്ഷേ, ഇങ്ങനെയുള്ള സ്വാഭാവികമായ ഉപാധികൾ വേണ്ടതിലേറെ ഉണ്ടായിട്ടും പലരും ഇവയിലൊക്കെ തോറ്റുപോകുന്നതു കാണാം. അതിന്റെ കാരണം അക്ഷമയാണ്. ഉപാധികളെ ക്ഷമാപൂർവം അധ്വാനിച്ച് പ്രവർത്തിപ്പിച്ചാലേ ഏതു കാര്യത്തിലും വിജയിക്കാൻ കഴിയൂ. ചിലർ എല്ലാ സൗകര്യങ്ങളോടും കൂടി വലിയ ആർഭാടത്തോടെ വ്യാപാരങ്ങളും വ്യവസായങ്ങളും തുടങ്ങുന്നു. ആദ്യനാളുകളിൽതന്നെ തങ്ങളുദ്ദേശിച്ചവിധം ലാഭകരമായില്ലെങ്കിൽ, അല്ലെങ്കിൽ പ്രവർത്തനങ്ങളിൽ തടസ്സം നേരിട്ടാൽ അവർ എല്ലാം ഇട്ടെറിഞ്ഞു വേറെ വഴിക്കു തിരിയുന്നു. വിദ്യാഭ്യാസം, തൊഴിൽ, ദാമ്പത്യജീവിതം, പ്രാസ്ഥാനികപ്രവർത്തനം, പ്രബോധനം തുടങ്ങിയ എല്ലാ തുറകളിലും ഇങ്ങനെയുള്ളവരെ ധാരാളം കാണാം. അതേസമയം മറുവശത്ത് തുച്ഛമായ മൂലധനംകൊണ്ട് വലിയ ബിസിനസ്സുകൾ നടത്തുന്നവരെയും, വിവരവും വിദ്യാഭ്യാസവുമുള്ളവർ കെട്ട ജീവിതം നയിക്കുമ്പോൾ സാമാന്യ വിദ്യാഭ്യാസം പോലും നേടാത്തവർ മാന്യവും വിശിഷ്ടവുമായ ജീവിതം നയിക്കുന്നതും കാണാം. ക്ഷമയും സഹനവുമായിരിക്കും അവരുടെ പിന്നിൽ പ്രവർത്തിക്കുന്നത്. ക്ഷമയില്ലാതെ മറ്റെന്തു സൗകര്യങ്ങളുണ്ടായാലും ഒരു കാര്യത്തിലും വിജയിക്കുക സാധ്യമല്ല. വിജയകരമായ ദാമ്പത്യജീവിതത്തിന് നല്ല കുടുംബം വേണം. ഭാര്യയും ഭർത്താവും എത്ര യോഗ്യരായാലും ക്ഷമയില്ലെങ്കിൽ അവരുടെ ദാമ്പത്യജീവിതം വിജയിക്കുകയില്ല. ക്ഷമ വേണ്ടുവോളമുണ്ടെങ്കിൽ അത്രയൊന്നും യോഗ്യരല്ലാത്തവർക്കും വിജയകരമായ ദാമ്പത്യജീവിതം സാധിക്കുകയും ചെയ്യും. എല്ലാ കാര്യങ്ങളിലും ക്ഷമയവലംബിക്കാൻ കഴിയുക. അതാണ് എല്ലാ കാര്യങ്ങളും വിജയിക്കാനുള്ള ഉപാധികളിൽ പ്രധാനമായത്. ക്ഷമിക്കുകയെന്നാൽ പരിത്യജിക്കുകയോ നിഷ്ക്രിയനാവുകയോ അല്ല. ലക്ഷ്യത്തിനെതിരായതിനെയെല്ലാം കഠിനാധ്വാനത്തിലൂടെ മറികടന്നും ചെറുത്തുതോൽപിച്ചും ലക്ഷ്യത്തിലേക്കു മുന്നേറുക എന്നതാണ്. അങ്ങനെയുള്ളവരുടെ ഐഹികവും പാരത്രികവുമായ ജീവിതം വിജയകരമാകുന്നു. കാരണം, അവർക്ക് എപ്പോഴും അല്ലാഹുവിന്റെ സഹായം ലഭിച്ചുകൊണ്ടിരിക്കും. "നിശ്ചയം, ക്ഷമാശീലരുടെ കൂടെ അല്ലാഹുവുണ്ട്" (വിശുദ്ധഖുർആൻ).

തുടർന്നു പറയുന്ന രണ്ടുകാര്യങ്ങൾ- സുഖം ദുഃഖത്തോടൊപ്പമാണ്, ക്ഷേമം ക്ഷാമത്തോടൊപ്പമാണ്- എന്തുകൊണ്ടാണ് ക്ഷമ വിജയത്തിന്റെ അനിവാര്യോപാധിയാകുന്നത് എന്നതിന്റെ വിശദീകരണവും കൂടിയാണ്. ദുഃഖത്തെ നേരിടാതെ, ചെറുക്കാതെ നിങ്ങൾക്ക് സുഖം നേടാനാവില്ല. ദുഃഖത്തെ നേരിടണമെങ്കിൽ ക്ഷമയില്ലാതെ പറ്റില്ലതാനും. ക്ഷേമത്തിന്റെ കാര്യവും ഇതുതന്നെ. ഇല്ലായ്മയെ നേരിട്ടുകൊണ്ടേ നമുക്ക് വല്ലതും ഉണ്ടാക്കാൻ കഴിയൂ. ഇല്ലായ്മയെ നേരിടുകയെന്നാൽ ക്ഷമയോടെ പ്രയത്നിക്കുകയാണ്. ഹദീസിലെ മൂലവാക്യത്തെ 'ക്ലേശത്തോടൊപ്പം എളുപ്പമുണ്ട്' എന്നും ഭാഷാന്തരം ചെയ്യാറുണ്ട്. കഠിനാധ്വാനത്തിലൂടെ പ്രതിബന്ധങ്ങൾ തരണംചെയ്തു മുന്നേറിയാൽ സുസ്ഥിതിയിലെത്തിച്ചേരാം എന്നാണതിന്റെ ആശയം.

സുഖദുഃഖങ്ങളുടെയും ക്ഷേമക്ഷാമങ്ങളുടെയും സഹവാസം എടുത്തു പറഞ്ഞതിന് കുറെക്കൂടി ആഴത്തിലുള്ള മറ്റൊരു താൽപര്യം കൂടിയുണ്ട്. ദുഃഖത്തിന്റെ അഭാവത്തിൽ സുഖത്തിന് പ്രസക്തിയില്ല. ദുഃഖമില്ലെങ്കിൽ സുഖമില്ല. ക്ഷാമമില്ലെങ്കിൽ ക്ഷേമവുമില്ല. ഈ വൈരുധ്യങ്ങളുടെ നിർമാർജനം അസാധ്യമാണ്. കാരണം അവയുടെ അസ്തിത്വങ്ങൾ പരസ്പര പൂരകമാകുന്നു. ഈ ദ്വന്ദങ്ങൾക്കിടയിൽ ദൈവവിശ്വാസത്തിലും ധാർമിക സദാചാരമൂല്യങ്ങളിലും അധിഷ്ഠിതമായി നിലകൊള്ളുമ്പോഴാണ് ജീവിതം സാർഥകവും വിജയകരവുമാകുന്നത്. ഈ നിലകൊള്ളലിന് സ്ഥൈര്യവും നൈരന്തര്യവും പ്രദാനംചെയ്യുന്ന ശക്തിയാണ് ക്ഷമയും സഹനവും.